VOL - 9 ISSUE - 1

APRIL 2021

# ECHOLISE 2021

A QUARTERLY BULLETIN OF LISIE MEDICAL AND EDUCATIONAL INSTITUTIONS






*Environment Friendly*

CARE *with* LOVE

LISIE HOSPITAL ERNAKULAM

lisienewsletter2013@gmail.com



Previous Issue


## EDITORIAL BOARD

**Managing Editor**
Dr Fr Paul Karedan

**Editor-in-chief**
Prof Dr Usha Marath

**Consultant Editors**
Fr Shanu Moonjely
Fr Rojan Nangelimalil
Fr George Thelekkatt
Fr Joseph Makkothakattu

**Associate Editors**
Dr Babu Francis
Mr Sajeev Jacob

**Editorial Members**
Ms Sherin Thomas
Mrs Sumathi P V
Mrs Manju George
Mrs Priya Unnikrishnan
Mr Venugopal S



Lisie Hospital
Ernakulam, P.B. No. 3053
Kochi - 682018
Ph: 0484 2402044
contact@lisiehospital.org
www.lisiehospital.org


# FROM THE DIRECTOR'S DESK

***Greetings to all !!!***

*At the threshold of a New Year we are more resilient, with greater energy and confidence than ever The fact that our hospital is well-poised to expand its horizon and continue in its relentless march for achieving excellence is clear from following recent path breaking initiatives and achievements.*

***a)We successfully performed our first Liver transplant surgery on 06/03/2021*** *at rates affordable to the common man. We hope our rates act as a bench mark and motivate other hospitals to reduce their Liver transplant surgery charges and thereby provide much needed financial relief to poor patients requiring Liver transplants.*

***b)We once again scripted history on 18/03/2021*** *by repeating our earlier feats by transporting the Heart harvested from Late Shri. Aravind who was declared brain dead in KIMS Hospital, Trivandrum and successfully implanted it in the body of Shri. Suryanarayanan (who was suffering from dilated cardio myopathy and whose only hope of survival was undergoing Heart transplant surgery).*

*c)We won "Award of Excellence 2020" for excellence in Renal care on World Kidney day (11/03/2021) awarded jointly by Global Kidney Foundation and three other reputed organizations.*

*With profound gratitude to Lord Almighty,* ***the blessing and Inauguration of our Parking Cum Residential building*** *was performed by His Grace Mar Antony Kariyil, Major Archbishop, Ernakulam – Angamaly Archdiocese on 19/03/2021. This marked the culmination of hard and dedicated efforts of several persons over several years. This sixteen storied building with 7 floors meant exclusively for parking vehicles can accommodate a total of 150 cars. The top most three floors are exclusively meant for accommodating transplant patients who are unable to commute long distances to their residences and wish to consult their Doctors during their convalescent period. Thus we hope to mitigate the parking woes of our patients and provide hassle free service to our transplant patients.*

*Our nation is now facing a second wave of Covid-19 pandemic with covid positive cases surging phenomenally this month since many of us are not scared of the virus as we ought to be. We do not realize that it is one of the most unpredictable viruses as no one can tell how it will behave. Thus even as India records the highest number of Covid cases globally, many of us neglect wearing mask, social distancing and are reluctant to be vaccinated (because of suspected side effects such as formation of blood clots in the body). But it is noteworthy that benefits of vaccines far outweighs the side effects. We proudly state that our Doctors and Staff got even their second dose of vaccination and boosted their immunity. As Franklin D. Roosevelt, former President of USA said "There is nothing to fear but fear itself".* ***"Don't vacillate, get vaccinated".***

*I am glad to inform that the vaccine center of our hospital which has been selected by the State Government as a vaccine centre for vaccinating members of General public also, is functioning smoothly.*

*May God bless you all!!*

***Dr Fr Paul Karedan.***
***Director***

## ലിസി ആശുപത്രിയിൽ പുതിയ പാർക്കിംഗ് / റസിഡൻഷ്യൽ ബിൽഡിംഗ് 2021 മാർച്ച് 19 ന് ഉദ്ഘാടനം ചെയ്തു.



ലിസി ആശുപത്രിയിൽ പുതിയ പാർക്കിംഗ് / റസിഡൻഷ്യൽ ബിൽഡിംഗ് 2021 മാർച്ച് 19 ന് ഉദ്ഘാടനം ചെയ്തു. കൊച്ചി മേയർ എം അനിൽകുമാർ നാട മുറിച്ച് ഉദ്ഘാടനം നിർവഹിച്ചു. മെട്രോപ്പൊളിറ്റൻ വികാരി ആർച്ച് ബിഷപ് മാർ ആൻറണി കരിയിൽ ആശീർവാദകർമ്മം നടത്തി. യോഗത്തിൽ കരിയിൽ പിതാവ് അധ്യക്ഷത വഹിച്ചു. മേയർ ഉദ്ഘാടനസന്ദേശം നൽകി. ഡയറക്ടർ ഫാദർ പോൾ കരേടൻ സ്വാഗതം ആശംസിച്ചു. അഡ്മിനിസ്ട്രേറ്റർ എം. ബി. വേണുഗോപാൽ നന്ദി പറഞ്ഞു. 14 നിലകളിലായുള്ള പുതിയ കെട്ടിടത്തിൽ 110 ഡോക്ടർമാർക്കും അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ 30 രോഗികൾക്കും താമസസൗകര്യമുണ്ട്. ഇരുന്നൂറോളം വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള സൗകര്യവുമുണ്ട്. ബിൽഡിങ്ങിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയവർക്കുള്ള സ്നേഹോപഹാരങ്ങളുടെ വിതരണം കരിയിൽ പിതാവും മേയറും നിർവ്വഹിച്ചു.





## കാൻസർ രോഗികൾക്കായി ടെലിമെഡിസിൻ പദ്ധതി.




കാൻസർ രോഗികൾക്കായി ടെലിമെഡിസിൻ പദ്ധതി. (4 Feb 2021) ലിസി ആശുപത്രിയും എറണാകുളം അങ്കമാലി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയും സംയുക്തമായി ആരംഭിക്കുന്ന കാൻസർ രോഗികൾക്കായുള്ള ടെലിമെഡിസിൻ പദ്ധതിക്ക് തുടക്കമായി.

ലിസി ആശുപത്രിയിൽ നടന്ന ചടങ്ങിൽ നടൻ സിജോയ് വർഗീസ് പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. കാരിത്താസ് ഇന്ത്യയുടെ ആശാകിരണം കാൻസർ ക്യാമ്പയിന്റെ ഭാഗമായാണ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്. ലിസി ആശുപത്രിയിലെ കാൻസർ രോഗചികിത്സാവിഭാഗം മേധാവി ഡോ ജയശങ്കർ കാൻസർ ദിന സന്ദേശം നൽകി. ശനിയാഴ്ച വൈകുന്നേരങ്ങളിൽ കാൻസർ രോഗികൾക്ക് സൗജന്യ കൺസൾട്ടേഷൻ, സബ്സിഡി നിരക്കിൽ മരുന്ന് ലഭ്യമാക്കൽ, കാൻസർ പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് പദ്ധതി. ലിസി ആശുപത്രി ഡയറക്ടർ റവ. ഫാ. പോൾ കരേടൻ, സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവള്ളിൽ, കൊച്ചി കോർപറേഷൻ ഡെപ്യൂട്ടി മേയർ കെ. എ. അൻസിയ, കാരിത്താസ് ഇന്ത്യാ മാനേജർ ഡോ. വി. ആർ. ഹരിദാസ്, ഫാ. ജിനോ ഭരണികുളങ്ങര എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. ലിസി ആശുപത്രി അസി ഡയറക്ടർമാരായ ഫാ. ജെറി ഞാളിയത്ത്, ഫാ. ഷനു മൂഞ്ഞേലി, ഫാ. ജോർജ്ജ് തേലക്കാട്ട്, ഫാ. ജോസഫ് മാക്കോതക്കാട്ട്, കൗൺസിലിംഗ് സൈക്കോളജിസ്റ്റ് ഫാ. തോമസ് കല്ലൂക്കാരൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.



# Welcome to Lisie Family













On 13 March 2021 Rev. Fr. Rojan Nangelimalil (Joint Director) & Rev. Fr. Antony Parevely (Spiritual Director) joined Lisie Family. On 30th Jan 2021 Rev. Fr. George Thelekkatt (Asst. Dir, Lisie Hospital joined Lisie Family.

# Kidney Day 2021




Lisie Nephrology Department-ന്റെയും, Dialysis Unit -ന്റെയും നേതൃത്വത്തിൽ World Kidney Day 2021 ആചരിക്കുകയുണ്ടായി. V. Rev. Dr. Joy Ainiyadan (Ernakulam Angamaly Archdiocese - Vicar General) ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ Rev. Fr. Joseph Makkothakat (Construction Coordinator), Rev. Fr. Shanu Moonjely (Asst. Director, Lisie Hospital), Rev. Fr. George Thelekatt (Asst. Director, Lisie Hospital), Rev. Sr. Anslem CSC (Nursing Administrator), Dr. Babu Francis (Medical Superintendent & Sr. Cons. Nephrologist, Lisie Hospital), Dr. Jose P Paul (Senior Consultant, Nephrology), Rev. Sr. Alphonsa Koottala (Transplant Coordinator) എന്നിവർ പങ്കെടുത്തു.




Dr. Jose P Paul Kidney Day Theme 2021 പ്രകാശനം ചെയ്തു. നിർദ്ധനരായ ഡയാലിസിസ് രോഗികൾക്കായുള്ള സൗജന്യ ഡയലൈസറിന്റെ കിറ്റ് V. Rev. Dr. Joy Ainiyadan, Rev. Sr. Daria (Dialysis Incharge) ന് കൈമാറി. വൃക്ക സംരക്ഷണത്തെ ആസ്പദമാക്കി Dialysis Technicians അവതരിപ്പിച്ച സ്കിറ്റ് ശ്രദ്ധേയമായി. വൃക്കകളുടെ സംരക്ഷണത്തിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റിയുള്ള Dr. Anif K. K. (Nephrologist) യുടെ പ്രത്യേക എഡ്യൂക്കേഷണൽ സെഷനും ഈ ദിനത്തോടനുബന്ധിച്ച് നടത്തുകയുണ്ടായി. വൃക്കയ്ക്കൊരു കൈയൊപ്പ് എന്ന Signature ക്യാമ്പയിനും ചടങ്ങിന്റെ ഭാഗമായി നടത്തി.





സൂര്യനാരായണന്റെ ഉള്ളിൽ അരവിന്ദ് ഇനിയൊരു സ്നേഹസൂര്യനായി ജ്വലിക്കും. നഷ്ടപ്പെട്ടു എന്ന് കരുതിയ ജീവിതം വീണ്ടെടുത്ത്, അരവിന്ദിന്റെ കുടുംബത്തിന് നന്ദി പറഞ്ഞു സൂര്യനാരായണൻ ലിസി ആശുപത്രിയിൽ നിന്നും യാത്രയായി. കഴിഞ്ഞ മാസം 18 നാണ് കായംകുളം സ്വദേശി സൂര്യനാരായണന് (18) തിരുവനന്തപുരത്ത് നിന്ന് വ്യോമമാർഗ്ഗം എത്തിച്ച അരവിന്ദിന്റെ ഹൃദയം ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ നേതൃത്വത്തിൽ വച്ച് പിടിപ്പിച്ചത്.

ഹൃദയം ക്രമാതീതമായി വികസിക്കുന്ന ഡൈലേറ്റഡ് കാർഡിയോ മയോപ്പതി എന്ന അസുഖമായിരുന്നു സൂര്യനാരായണന്. കേരളത്തിന് പുറത്തായിരുന്നു ആദ്യം ചികിത്സ തേടിയത്. അവിടെ നിന്ന് ഹൃദയം മാറ്റിവയ്ക്കണമെന്ന് നിർദേശിച്ചതിനെത്തുടർന്ന് ലിസി ആശുപത്രിയിലേക്ക് കൊണ്ടുവരികയായിരുന്നു. സുര്യനെ പരിശോധിച്ച ഡോ. ജോസ് ചാക്കോ പെരിയപ്പുറം രോഗത്തിന്റെ ഗൗരവം കണക്കിലെടുത്ത്




ഉടൻ തന്നെ തീവ്ര പരിചരണ വിഭാഗത്തിലേക്ക് മാറ്റുകയായിരുന്നു. ഈ ഹൃദയവുമായി ഏതാനും ദിവസങ്ങൾ മാത്രമേ സൂര്യന് ജീവൻ നിലനിർത്താൻ കഴിയുകയുള്ളൂ എന്ന യാഥാർഥ്യം ഡോക്ടർ മാതാപിതാക്കളെ അറിയിച്ചു. അങ്ങനെ ജീവിതത്തിനും മരണത്തിനുമിടയിലുള്ള നൂൽപ്പാലത്തിൽ രണ്ട് ദിനങ്ങൾ. മൂന്നാം ദിനമാണല്ലോ പുനരുത്ഥാനം ! തിരുവനന്തപുരം കിംസ് ആശുപത്രിയിൽ സൂര്യന് ചേരുന്ന ഹൃദയം ലഭ്യമാണെന്ന, കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൺ ഷെയറിംഗിലെ (KNOS) നാഡൽ ഓഫീസർ ഡോ. നോബിൾ ഗ്രേഷ്യസിന്റെ സന്ദേശം എത്തിയത് മൂന്നാം ദിനമാണ്. മസ്തിഷ്കമരണം സംഭവിച്ച അരവിന്ദിന്റെ ഹൃദയം അടക്കമുള്ള അവയവങ്ങളെല്ലാം ദാനം ചെയ്യാൻ ബന്ധുക്കൾ സന്നദ്ധരാകുകയിരുന്നു. തമിഴ്നാട് കന്യാകുമാരി സ്വദേശി അരവിന്ദിന് (25) നാഗർകോവിലിൽ വച്ചാണ് അപകടം സംഭവിച്ചത്. വിദഗ്ധ ചികിത്സയ്ക്കായി കിംസ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മസ്തിഷ്ക മരണം സംഭവിക്കുകയായിരുന്നു.

പതിവ് പോലെ ദൂരം തന്നെയായിരുന്നു പ്രധാന പ്രശ്നം. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ സംസ്ഥാന സർക്കാർ വാടകയ്ക്ക് എടുത്തിരിക്കുന്ന ഹെലികോപ്ടർ വിട്ടുകിട്ടുമോ എന്ന ആശങ്കയോടെയാണ് ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടത്. എന്നാൽ കാര്യങ്ങൾ വളരെ വേഗം മുന്നോട്ട് നീങ്ങി. ഹെലികോപ്ടർ വിട്ട് നൽകാമെന്ന് പോലീസ് ആസ്ഥാനത്ത് നിന്ന് അറിയിച്ചതിനെത്തുടർന്ന് ഡോ. ജേക്കബ് എബ്രഹാമിന്റെ നേതൃത്വത്തിലുള്ള നാലംഗ മെഡിക്കൽ സംഘം രാവിലെ ലിസി ആശുപത്രിയിൽ നിന്നും റോഡ് മാർഗ്ഗം കിംസ് ആശുപത്രിയിലേക്ക് യാത്ര തിരിച്ചു. ഉച്ചയോടെ കിംസിലെത്തിയ ഡോക്ടർമാർ 3.30 ന് അവയവങ്ങൾ എടുക്കുന്നതിനുള്ള ശസ്ത്രക്രിയ ആരംഭിച്ചു. 5.30 ന് ഹൃദയവുമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് പറന്നുയർന്ന ഹെലികോപ്ടർ 6.15 ന് ബോൾഗാട്ടി ഗ്രാന്റ് ഹയാത്ത് ഹോട്ടലിന്റെ ഹെലിപാഡിൽ ഇറങ്ങി.

അവിടെ നിന്ന് എറണാകുളം അസി. കമ്മീഷണർകെ. ലാൽജിയുടെ നേതൃത്വത്തിൽ ഗ്രീൻ കോറിഡോർ സൃഷ്ടിച്ച് നാല് മിനിറ്റിൽ താഴെ സമയം കൊണ്ട് ഹൃദയം ലിസി ആശുപത്രിയിൽ എത്തിച്ച് ശസ്ത്രക്രിയ ആരംഭിച്ചു. നാല് മണിക്കൂറിനുള്ളിൽ തന്നെ അരവിന്ദിന്റെ ഹൃദയം സൂര്യനാരായണനിൽ സ്പന്ദിച്ച് തുടങ്ങി.

രാത്രി 12 മണിയോടെ ശസ്ത്രക്രിയ പൂർത്തിയാക്കി സുര്യനെ തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റി. വളരെ വേഗം തന്നെ സാധാരണ നിലയിലേക്ക് മടങ്ങിയെത്തിയ സൂര്യന്റെ അവയവങ്ങൾ എല്ലാം തന്നെ വളരെ നന്നായി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ, ജോ. ഡയറക്ടർ ഫാ. റോജൻ നങ്ങേലിമാലിൽ, അസി. ഡയറക്ടർമാരായ ഫാ. ഷനു മൂഞ്ഞേലി. ഫാ. ജോർജ്ജ് തേലക്കാട്ട്, ഫാ. ജോസഫ് മാക്കോതക്കാട്ട് എന്നിവരുടെ നേതൃത്വത്തിൽ ആശുപത്രി ജീവനക്കാർ മധുരം പങ്കുവച്ചാണ് സൂര്യനാരായണനെ യാത്രയാക്കിയത്. തുടർചികിത്സയ്ക്കുള്ള സൗകര്യാർത്ഥം ആശുപത്രിക്ക് സമീപം വാടകയ്ക്ക് എടുത്തിരിക്കുന്ന വീട്ടിലേക്കാണ് സൂര്യൻ മാറിയിരിക്കുന്നത്.

ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിനോടൊപ്പം ഡോ. ജേക്കബ് എബ്രഹാം, ഡോ. റോണി മാത്യു, ഡോ. ഭാസ്ക്കർ രംഗനാഥൻ, ഡോ. ജോ ജോസഫ്, ഡോ. ജീവേഷ് തോമസ്, ഡോ. പി. മുരുകൻ, ഡോ. ജോബ് വിൽസൺ, ഡോ. ഗ്രേസ് മരിയ ജോർജ്ജ്, ഡോ. ആന്റണി ജോർജ്ജ്, ഡോ. അതുൽ എബ്രഹാം എന്നിവർ ശസ്ത്രക്രിയയിലും തുടർചികിത്സയിലും പങ്കാളികളായിരുന്നു. സൂര്യനാരായണന്റേത് ലിസി ആശുപത്രിയിൽ നടന്ന ഇരുപത്തിയാറാമത് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആയിരുന്നു.



ഹൃദയശസ്ത്രക്രിയയ്ക്കുശേഷം ലിസി ആശുപത്രി വിട്ട സൂര്യനാരായണന് മാതാപിതാക്കൾ മധുരം നൽകുന്നു. ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ഡോ. റോണി മാത്യു, വി.ആർ. രാജേഷ്, ഡോ. ജോ ജോസഫ്, ഫാ. പോൾ കരേടൻ, സൂര്യനാരായണൻ, ഫാ. ഷനു മൂഞ്ഞേലി തുടങ്ങിയവർ സമീപം.

**ഹൃദയം നിറഞ്ഞ ചിരിയുമായി സൂര്യൻ ആശുപത്രി വിട്ടു**

## COVID-19 Vaccination



**The first shot of COVID-19 vaccine for front line warriors of Lisie Hospital.**

ലിസി ആശുപത്രിയിലെ ആരോഗ്യപ്രവർത്തകർക്കായുള്ള ആദ്യ ഘട്ട കോവിഡ് വാക്സിനേഷൻ 27 ജനുവരി 2020 ന് ആരംഭിച്ചു.

Dr Fr Paul Karedan (Director), Rev Fr Jery Njaliath (Asst. Director), Rev Fr Shanu Moonjely (Asst. Director), Rev Sr Anslem (Nursing Administrator), Dr. Rohitha Mahesh (Clinical Microbiologist & Infection Control Officer)

## COVID-19 Vaccine Campaign



## Republic Day



Lisie College of Pharmacy witnessed the celebration of the 72nd Republic day on January 26th, 2021. It commemorates the date on which the constitution of India came into effect. A video presentation, including a patriotic dance performance and speech was organized by the students of B.Pharm 2020-21 as part of the celebration. The video gave a glimpse of the unity of our nation amidst diversity and also enlightened the audience the significance of Republic day.

## Feastal Greetings



Feastal day cake cutting ceremony (19 March 2021) Fr. Joseph Makkothakat, Fr. Rojan Nangelimalil, Fr. Shanu Moonjely joined the function.



എറണാകുളം ജില്ലയിൽ ആദ്യം വാക്സിൻ സ്വീകരിച്ച വ്യക്തിയായി (16 Jan 2021) ലിസി ആശുപത്രിയിലെ ഹൃദ്രോഗ ശസ്ത്രക്രിയാ വിഭാഗം മേധാവിയായ ഡോ ജോസ് ചാക്കോ പെരിയപ്പുറം



സ്മിതഭാവങ്ങൾ വിരളമാണ്; എന്നുകരുതി ആൾ പരുക്കനാണെന്ന് കരുതരുത്. ഗൗരവപ്രകൃതമാണ് എന്നതുകൊണ്ട് സ്നേഹമില്ല എന്നർത്ഥമില്ല. അതൊക്കെ ജെറി ഞാളിയത്തച്ചന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ എന്നു കരുതിയാൽ മതി. "ഞാൻ നല്ല ഇടയനാണ് "എന്ന് യേശു പറയുന്നുണ്ട് (യോഹ. 10:11). നേതൃത്വത്തിന്റെയും അധികാരത്തിന്റെയും നിലവിലുണ്ടായിരുന്ന എല്ലാ മാതൃക കളെയും യേശു അവതരിപ്പിച്ച ഇടയദർശനം പൊളിച്ചെഴുതി. ആ ഇടയഭാവങ്ങൾ മനോഹരമായി ജെറിയച്ചനിൽ സമ്മേളിച്ചിട്ടുള്ളതായി നമുക്കു കാണാനാകും. തികഞ്ഞ ഉത്തരവാദിത്വബോധം, കറകളഞ്ഞ ആത്മസമർപ്പണം, നിതാന്തമായ ജാഗ്രത, കഠിനാദ്ധ്വാനം ചെയ്യാനുള്ള മനസ്സ് എന്നിങ്ങനെ അച്ചനിൽ വിളങ്ങിയിരുന്ന സവിശേഷഗുണങ്ങളാണ് ഇടയഭാവങ്ങൾ എന്നതുകൊണ്ട് വിവക്ഷിച്ചത്.



ഏറ്റവും നിർണ്ണായകമായത് നവ - സാമൂഹിക മാധ്യമ മേഖലക ളിൽ ലിസി ആശുപത്രിക്കുവേണ്ടി അച്ചൻ നടത്തിയ ചടുലമായ ഇടപെടലുകളാണ്. ചുമതലയേറ്റയുടൻ അച്ചൻ ചെയ്ത സുപ്രധാനമായ കാര്യം കമ്മ്യൂണിക്കേഷനു മാത്രമായി പ്ര ത്യേകവിഭാഗം ആരംഭിച്ചു എന്നതാണ്. ലിസി ആശുപത്രി പോലെ ബൃഹത്തായ ഒരു സ്ഥാപനത്തിന് അതുവരെ അത്തരമൊരു വിഭാഗം ഉണ്ടായിരുന്നില്ല എന്നത് ഒരുപക്ഷേ അവിശ്വസനീയമായി തോന്നിയേക്കാം.

ആശുപത്രിയിൽ നടക്കുന്ന പരിപാടികൾ, ചികിത്സാരംഗത്ത് ആശുപത്രി കൈവരിക്കുന്ന അത്യപൂർവ്വമായ നേട്ടങ്ങൾ, പിന്നിടുന്ന നാഴികക്കല്ലുകൾ, വിവിധ ദിനാചരണങ്ങളുടെ ഭാഗമായി ആശുപത്രി നടത്തുന്ന സാമൂഹിക ബോധവത്കരണ പരിപാടികൾ എന്നിവയെക്കുറിച്ചുള്ള വാർത്തകളും ചിത്രങ്ങളുമെല്ലാം കമ്മ്യൂണിക്കേഷൻസ് വിഭാഗം എന്ന ഏകജാലകത്തിലൂടെ അനേകരിലേക്കെത്തി. ലിസിയെ സ്നേഹിക്കുന്ന നല്ലവരും അഭ്യുദയകാംക്ഷികളുമായ അനേകം മനുഷ്യർക്ക് അതൊക്കെ പ്രയോജനപ്പെട്ടു. എന്നാൽ, സോഷ്യൽ മീഡിയ രംഗത്ത് അച്ചൻ അതീവജാഗ്രത പുലർത്തിയതിനാൽ ഉണ്ടായ ഏറ്റവും മികച്ച നേട്ടം മറ്റൊന്നാണ്. ചില മലിനബുദ്ധികളും സ്വാർത്ഥ - സ്ഥാപിത താൽപര്യക്കാരും പലപ്പോഴും പടച്ചു വിടുന്ന സത്യവിരുദ്ധവും അടിസ്ഥാന രഹിതവുമായ ആരോപണങ്ങൾ സമയോചിതമായി കണ്ടെത്തി കൃത്യമായ മറുപടി നൽകാനും ആശുപത്രിയുടെ സൽപ്പേര് സംരക്ഷിക്കാനും അതുമൂലം കഴിഞ്ഞു എന്നത് സുപ്രധാനമായ കാര്യമാണ്. അത്തരം സ്ഥാപിതതാത്പര്യക്കാരെ നേർക്കുനേർ നേ രിടാനായി അച്ചൻ മുന്നിൽ നിന്നു. ശരിയാണ്, അച്ചടക്കത്തിന്റെയും ഉത്തരവാദിത്വനിർവഹണത്തിന്റെയും കാര്യത്തിൽ അച്ചൻ കാർക്കശ്യം പുലർത്തിയിട്ടുണ്ട്. വീഴ്ചകളോട് അദ്ദേഹം വിട്ടുവീഴ്ച ചെയ്തിരുന്നില്ല. അപ്പോഴും, അതെല്ലാം ബൃഹത്തായ ഒരു സ്ഥാപനത്തിന്റെ സുഗമമായ പ്രയാണത്തിനും സൽപ്പേരിനും വേണ്ടിയായിരുന്നു എന്ന് മന സ്സിലാക്കാവുന്നതേയുള്ളൂ. 'എള്ളിട തെറ്റിയാൽ വില്ലിട മാ റും' എന്നത് ഒരു ആതുരാലയത്തെ സംബന്ധിച്ച് നിസ്സാരമായി കാണാവുന്നതല്ലെന്ന് അദ്ദേഹത്തിന് ഉത്തമബോധ്യമുണ്ടായിരുന്നു. 'കടുക് ചോരുന്നതു കാണാം, ആന ചോരുന്നതു കാണാ' എന്നാണ് പഴംപൊരുൾ. ആശുപത്രിയുടെ, സ്പർശ്യമോ അസ്പർശ്യമോ, ദൃശ്യമോ അദൃശ്യമോ ആയ - കടുകും ആനയും - ചോരുന്നില്ലെന്ന് അദ്ദേഹം ഉറപ്പുവരുത്തി. പാവങ്ങളുടെ പക്ഷം ചേരുക എന്ന സുവിശേഷത്തിലെ സുവർണ്ണമൂല്യം ആത്മാവിന്റെ ദർശനവും ദർശനത്തിന്റെ ആത്മാവുമായിരിക്കുന്ന ഒരാതുരാലയത്തിന്റെ അമരക്കാരന് അതേ സാധ്യമാകുമായിരുന്നുള്ളൂ.

ലിസി ആശുപത്രിയുടെ അസിസ്റ്റൻറ് ഡയറക്ടറായി ഏതാണ്ട് നാലുവർഷം മാത്രമാണ് അച്ചൻ സേവനം ചെയ്തത്. കാലത്തിന്റെ തീരെ ചെറിയ ഒരു അടരാണത്. എങ്കിലും കൃതാർത്ഥതയോടെ ലിസിയുടെ പടിയിറങ്ങാൻ ജെറിയച്ചന് കഴിഞ്ഞു. ഉപരിപഠനത്തിനായി ഇറ്റലിയിലേക്ക് മടങ്ങിയ അച്ചന് ലിസി കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും ശുഭാശംസകളും



## What a believing nurse can offer the patient?



On 21 Feb 2021, Justice Kurian Joseph addressed the B.Sc. Nursing students in Lisie College of Nursing on the topic "What a believing nurse can offer the patient?" through a zoom meeting arranged from 6-7 PM. This was the third session of expert's classes arranged as a part of their newly introduced course on "Spirituality in Nursing". He shared the view that patients, who are admitted to the hospital for various reasons might have a lot of negative feelings and emotions, which could be transformed into a positive relationship by a nurse who is filled with positive energy. The nurse, who is a believer, should approach the patient with wisdom, confidence, and courage that is given by God, to use it appropriately while caring for patients and with a feeling that she/ he is accountable to God. That is fundamental for turning those actions into a caring and compassionate relationship and transmitting positive energy for a patient's recovery.

## Founders Day Holy Mass Feb 20



## Finding God in Oneself as God's creation




On 19 Feb 2021, the second session of Experts' Classes on Spirituality, a newly introduced course of "Spirituality in Nursing" for B.Sc. Nursing students was delivered by Dr. Fr. Paul Karedan, DIrector of Lisie Medical and Educational Institutions. The class was held from 4- 5 PM in the Hospital Auditorium, on the topic "Finding God in Oneself as God's creation" giving a broad overview of spirituality in Nursing, and emphasized the need to have a positive self-concept, and in recognizing worth in everyone's life. Learning one's own abilities is the key to realizing one's worth, as God's creation and to help others facing problems and difficulties. By realizing our self-worth, self-motivation can be improved, as well as performance, which is the key to achievement.

## Congratulations



First LOT CRTD with Stylet driven lead at Lisie Hospital (First in India), congratulations Dr. Ajit Thachil & team.




1st year GNM students (2019batch), School of Nursing, Lisie Hospital, celebrated "WORLD CANCER DAY", by conducting a webinar on 4 February 2021, at 9.20 am via the Zoom platform. It was conducted with the aim of creating an awareness in the students of both school and college ofnursing, regarding cancer and their role in cancer prevention.

The webinar started with a prayer song by the first year GNM students. Ms. Anju Emmanuel, Nursing Tutor,Lisie school of nursing, welcomed the gathering. The session was inaugurated by Rev. Fr. Dr. Paul Karedan, who in his inaugural address mentioned the willingness of Lisie hospital to support the patient and their family by providing an affordable treatment. He also added that Lisie family is very much conscious regarding the demand for oncology treatment and that is why the institution is planning for a new oncology department.



The video theme, – I AM AND I WILL - was released by Rev. Fr. George Thelekkatt, Assistant Director Lisie Medical and Educational institution, followed by a speech on the significance of the theme.Dr. Jayasankar P, consultant medical oncologist emphasizing on the common myths and taboos associated with cancer and its treatment. He also highlighted some possible measures to reduce the financial burden on the families due to the cancer treatments. Dr. Sandeep Suresh, consultant surgical oncologist, delivered a session on oral cancer. In his speech he explained, the incidence rate of oralcancer worldwide, the diagnostic tests and treatment modalities available for the same. He also mentioned the need for life style changes to reduce the rate cancer. Dr Babu Francis, Medical Superintendent, HOD Nephrology department, stressed the necessity for initiating an appropriate treatment and preventive measures for cancer.

The session concluded with a vote of thanks proposed byMs. Ashna Benny, 1st GNM student, Lisie School of Nursing. There after displayed a video presentation on the posters made by the2019 batch students of Lisie School of Nursing was displayed.

## World Cancer Day 2021
## LCOP




Every year, the 4th of February is observed as World Cancer Day. It intends to raise awareness, encourage prevention, detection and treatment of the fatal disease. This year's theme, "I am and I will", emphasizes on the importance of individuals to work effectively with an aim to reduce the impact of cancer in our society. In view of the same, Lisie College of Pharmacy organized a digital poster making competition. Anjali Varghese (B.Pharm 2018), Amina T E (B.Pharm 2020) and Noushida K A (B.Pharm 2020) were awarded the first, second and third prize respectively.

# മാർ ജോസഫ് പാറേക്കാട്ടിൽ ലിസി ആശുപത്രിയുടെ ഇതിഹാസം





സജീവ് പാറേക്കാട്ടിൽ
പബ്ലിക് റിലേഷൻസ് മാനേജർ, ലിസി ഹോസ്പിറ്റൽ

'Care with Love' എന്ന ആപ്തവാക്യത്തോടെ സ്നേഹശുശ്രൂഷയുടെ 65 വർഷങ്ങൾ പൂർത്തിയാക്കുന്ന ലിസി ആശുപത്രിക്ക് കൃപയുടെ ഒരു നീണ്ട ചരിത്രമുണ്ട്. ആ ചരിത്രത്തിന്റെ അമരത്ത് അനുഗ്രഹത്തിന്റെയും ആശീർവാദത്തിന്റെയും കരങ്ങളിൽ ലിസിയെ കാത്ത് പരിപാലിക്കുന്ന സർവ്വശക്തനും സ്നേഹസമ്പൂർണ്ണനുമായ ദൈവമുണ്ട്. തന്റെ അനുപമമായ മദ്ധ്യസ്ഥ ശക്തിയാൽ ലിസി ആശുപത്രിക്ക് അനുഗ്രഹങ്ങളുടെ ഇടനിലക്കാരിയാകുന്ന മഹാവിശുദ്ധയായ ലിസ്യൂവിലെ കൊച്ചുത്രേസ്യയുണ്ട്. എറണാകുളം പട്ടണത്തിൽ പാവങ്ങൾക്കും സാധാരണക്കാർക്കുമായി മികച്ച ഒരു ആതുരാലയം എന്ന സ്വപ്നം ആദ്യമായി കണ്ട അഭിവന്ദ്യ മാർ അഗസ്റ്റിൻ കണ്ടത്തിൽ പിതാവുണ്ട്. നീണ്ട 38 വർഷം ആശുപത്രിയെ നയിച്ച, 'The Dynamic Director' എന്ന് വിശേഷിപ്പിക്കപ്പെട്ട മോൺസിഞ്ഞോർ ആന്റണി പാറയ്ക്കലച്ചനുണ്ട്.

ആദ്യത്തെ മെഡിക്കൽ സൂപ്രണ്ടായി സേവനം ചെയ്ത് ലിസിയെ പടുത്തുയർത്തുന്നതിൽ നിസ്വാർത്ഥമായി സഹകരിച്ച ഡോ. തോമസ് ഫിലിപ്പും ആശുപത്രിയുടെ ആദ്യകാല ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന സിസ്റ്റർ ഡോ. ലിസ്യു എം. എസ്. ജെ. യുമുണ്ട്. അധ്വാനശീലത്തിന്റെ പര്യായമായി പതിറ്റാണ്ടുകൾ മേട്രൺ എന്ന നിലയിൽ സേവനം ചെയ്ത മദർ ഹയസിന്ത് ഉണ്ട്. 'ലിസിയുടെ ചരിത്രത്തിലെ വസന്ത കാലം' എന്ന് വിശേഷിപ്പിക്കപ്പെടും വിധം നീണ്ട 46 വർഷങ്ങൾ മെഡിക്കൽ സൂപ്രണ്ടായി സേവനം ചെയ്ത, സമർപ്പണത്തിന്റെ പര്യായമായ ഡോ. ജോസഫ് കുര്യനുണ്ട്. അതതുകാലങ്ങളിൽ ഡയറക്ടർമാരും അസിസ്റ്റന്റ് ഡയറക്ടർമാരും ആത്മീയ പിതാക്കന്മാരുമായി നിസ്തുലമായ സേവനം ചെയ്ത ബഹുമാനപ്പെട്ട വൈദികരുണ്ട്. സമർപ്പിത ജീവിതത്തിന്റെ സത്തയും സാരവും ആതുരസേവനത്തിൽ കണ്ടെത്തിയ നൂറുകണക്കിന് സന്യാസിനികളുണ്ട്. സമർപ്പണത്തോടും പ്രതിബദ്ധതയോടും കൂടി സേവനം ചെയ്ത അനേകം ഡോക്ടർമാരും നഴ്സുമാരും മറ്റു ജീവനക്കാരുമുണ്ട്.

എന്നാൽ ലിസി ആശുപത്രി എന്ന സ്വപ്നത്തിന്റെ നടുനായകനായി നിന്ന് അതിന്റെ ചരിത്രത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തത് ലിസിയുടെ സ്ഥാപകനും ഭാഗ്യസ്മരണാർഹനുമായ അഭിവന്ദ്യ കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവാണ്. കർമ്മകുശലതയും ക്രാന്തദർശിത്വവും അനുപമമായി സമ്മേളിച്ച ആ യുഗപുരുഷനാണ് ലിസി ആശുപത്രി എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചത്. ഒരു യഥാർത്ഥ നേതാവിന്റെ ധീരതയോടെ ഒരു ചിത്രകാരന്റെ സൂക്ഷ്മതയോടെ, ഒരു മാന്ത്രികന്റെ കൈയ്യടക്കത്തോടെ, ഒരു അജപാലകന്റെ കരുതലോടെ അദ്ദേഹം ഊടും പാവും നൽകി വളർത്തിയെടുത്ത അദ്ദേഹത്തിന്റെ മാനസപുത്രിയാണ് ലിസി ആശുപത്രി. '**ഞാൻ എന്റെ ദൃഷ്ടിയിൽ**' എന്ന ആത്മകഥയിൽ 'ലിസി ആസ്പത്രി' എന്ന അധ്യായത്തിൽ ആശുപത്രിയുടെ ആരംഭത്തെയും വളർച്ചയെയും അദ്ദേഹം സംക്ഷിപ്തമായി അടയാളപ്പെടുത്തുന്നത് ഇപ്രകാരമാണ്. 'കണ്ടത്തിൽ തിരുമേനി നൽകിയ ആശയമാകുന്ന വിത്ത് ഞാൻ നട്ടു, അതിരൂപതാ പ്രൊക്യുറേറ്ററായിരുന്ന മോൺസിഞ്ഞോർ പാറയ്ക്കൽ അത് നനച്ചു. മെഡിക്കൽ സിസ്റ്റേഴ്സും, ഇതര സന്യാസസഭകളിലെ അംഗങ്ങളും, പ്രശസ്തരും സമർത്ഥരുമായ ഭിഷഗ്വരന്മാരും ശസ്ത്രക്രിയാവിദഗ്ധൻമാരും മറ്റു സ്റ്റാഫ് അംഗങ്ങളും അതിന് വളമിട്ടു. ദൈവം എല്ലാറ്റിനും ഫലം നൽകുകയും ചെയ്തു'. ലിസി ആശുപത്രിയുടെ അനുഗ്രഹത്തിന്റെ നാൾവഴികൾ ഈ വരികളിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്.



എറണാകുളം അതിരൂപതയിലെ വേദപ്രചാരവിഭാഗം ഡയറക്ടറായിരുന്ന മോൺസിഞ്ഞോർ ജോസഫ് പഞ്ഞിക്കാരനച്ചൻ സ്ഥാപിച്ചതും കോതമംഗലം കേന്ദ്രമാക്കി പ്രവർത്തിച്ചു വന്നതുമായ മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് എന്ന സന്യാസ സമൂഹം എറണാകുളത്ത് ആരംഭിച്ച 'ക്രിസ്തുരാജാസ്പത്രി' എന്ന ക്ലിനിക്കാണ് ലിസി ആശുപത്രിക്ക് വഴിമാറിക്കൊടുത്തത്. 1956 ഏപ്രിൽ രണ്ടാം തിയതി അരമനയിൽ കൂടിയ ആലോചനായോഗം തുടങ്ങി 1984 ഏപ്രിൽ ഒന്നിന് വിരമിക്കുന്നത് വരെ അഭിവന്ദ്യ പാറേക്കാട്ടിൽ പിതാവിന്റെ സവിശേഷമായ സ്നേഹവാത്സല്യങ്ങൾ ഏറ്റാണ് ലിസി ആശുപത്രി വളർന്നത്. 'Rome was not built in a Day' എന്ന് പറയുന്നത് പോലെ ലിസി ആശുപത്രിയും അനേകം വർഷങ്ങളിലൂടെയാണ് വളർന്ന് പന്തലിച്ചത്. വളർച്ചയുടെ ഓരോ പടവുകളിലും നായകനായി അദ്ദേഹമുണ്ടായിരുന്നു.

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പുതിയ വിഭാഗങ്ങൾ ആരംഭിക്കുന്നതിനും അതതുകാലത്തിന് അനുയോജ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമെല്ലാം അദ്ദേഹം മുന്നിൽ നിന്ന് കഠിനാധ്വാനം ചെയ്തു. വിദേശത്തും സ്വദേശത്തും ആശുപത്രിക്കായി വിഭവസമാഹരണം നടത്തി. 1979 ൽ, അഞ്ച് ലക്ഷത്തിലധികം രൂപ ചെലവിൽ, കാർഡിനൽ ബ്ലോക്കിന്റെ ഏത് നിലയിൽ നിന്നും ദിവ്യബലിയിൽ സംബന്ധിക്കാനുള്ള സൗകര്യത്തോടെ നിർമ്മിതമായ ചാപ്പൽ, അന്ന് കേരളത്തിലെ ഏറ്റവും ഉയരം കൂടിയ ചാപ്പൽ എന്ന സവിശേഷതയുള്ളതായിരുന്നു. 'ലിസി ആശുപത്രിയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ല്' എന്നാണ് ചാപ്പലിനെ അദ്ദേഹം വിശേഷിപ്പിച്ചത്. 1982 ജനുവരി രണ്ടിന് ലിസി ആശുപത്രിയുടെ രജതജൂബിലി ആഘോഷങ്ങളിൽ അധ്യക്ഷത വഹിച്ചത് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി ആയിരുന്നു എന്നത് തന്നെ അദ്ദേഹത്തിന്റെ വ്യക്തി ബന്ധങ്ങളുടെയും സംഘാടക പാടവത്തിന്റെയും മകുടോദാഹരണമായിരുന്നു. 1970 ൽ ഇന്ത്യൻ പ്രസിഡന്റ് വി. വി. ഗിരിയും ആശുപത്രിയിൽ സന്ദർശനം നടത്തിയിട്ടുണ്ട്. അഭിവന്ദ്യ പിതാവിന്റെ കരുതലിന്റെ തണലിലാണ് ലിസി ആശുപത്രിയും അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങളും വളർന്ന് പുഷ്പിച്ചത്. ആത്മകഥയിലെ ആശുപത്രിയെക്കുറിച്ചുള്ള



അധ്യായം അവസാനിപ്പിച്ചുകൊണ്ട് അദ്ദേഹം കുറിച്ച വാചകങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. 'ലിസി ആശുപത്രിയോട് എനിക്ക് അഭേദ്യവും വികാരപരവുമായ ബന്ധമാണുള്ളത്. ഈ സ്ഥാപനത്തിന്റെ വളർച്ചയെ ഞാൻ ഉറ്റു സൂക്ഷിച്ചിട്ടുണ്ട്. അതിന്റെ ചരിത്രത്തിലെ മൈൽക്കുറ്റികൾ ഞാൻ എണ്ണിയിട്ടുണ്ട്. ഞാൻ സന്നിഹിതനാകാതിരുന്ന യാതൊരു പ്രധാന സംഭവവും അവിടെ നടന്നിട്ടുണ്ടെന്ന് തോന്നുന്നില്ല. ഇടയ്ക്കിടെ അവിടുത്തെ രോഗികളെ ഞാൻ സന്ദർശിക്കാറുണ്ട്. ആണ്ടുതോറുമുള്ള ക്രിസ്മസ് കരോൾ അത്യാകർഷകമായ ഒരു ചടങ്ങായി എനിക്ക് തോന്നിയിട്ടുണ്ട്. ഞാൻ എറണാകുളത്തുള്ള പക്ഷം ഒക്ടോബർ മാസത്തിലെ ഹോസ്പിറ്റൽ ഡേയിലും പങ്കെടുക്കാതിരുന്നിട്ടില്ല'.







കേവലം 24 കിടക്കകളോടെ ലളിതമായി ആരംഭിച്ച ഒരു ചെറിയ ആതുരാലയം, ഇന്ന് 800 കിടക്കകളും, ഇരുന്നൂറ്റിഅൻപതോളം ഡോക്ടർമാരും, തൊള്ളായിരത്തിൽപ്പരം നഴ്സുമാരും മറ്റു വിഭാഗങ്ങളിലായി എഴുന്നൂറോളം ജീവനക്കാരും, അത്യാധുനിക സജ്ജീകരണങ്ങളുമുള്ള രാജ്യത്തെ തന്നെ മികച്ച ആശുപത്രികളിൽ ഒന്നായി മാറിയിട്ടുണ്ടെങ്കിൽ, സുതാര്യവും സ്നേഹാർദ്രവുമായ ആതുരശുശ്രൂഷയുടെ നേരടയാളവും ഇതിഹാസവുമായി മാറിയിട്ടുണ്ടെങ്കിൽ, അതിന് കടപ്പെട്ടിരിക്കുന്നത് അഭിവന്ദ്യ ജോസഫ് പാറേക്കാട്ടിൽ എന്ന ഇതിഹാസത്തോടാണ്. കാണാമറയത്തിരുന്ന് ഇന്നും ലിസിയെ നയിക്കുന്നത് ആ ഊർജ്ജപ്രവാഹമാണ് കൺമുന്നിൽ ഇല്ലെങ്കിലും ലിസിയുടെ ആകാശത്തിൽ മങ്ങാതെ ജ്വലിക്കുന്നത് ആ സൂര്യതേജസ്സാണ്. പ്രതിസന്ധികളുടെ ഇരുൾ മൂടുന്ന വേളകളിൽ വഴികാട്ടിയായി തെളിയുന്നത് ആ ധ്രുവനക്ഷത്രമാണ്. ആ യുഗപുരുഷന്റെ നിയോഗശുദ്ധിയുടെ മദ്ധ്യസ്ഥതയിലൂടെയാണ് സർവ്വേശ്വരന്റെ സ്നേഹവാത്സല്യങ്ങൾ ലിസിയുടെ മേൽ നിലയ്ക്കാതെ പെയ്തു കൊണ്ടിരിക്കുന്നത്. അതെ, ലിസി ആശുപത്രിക്ക് അദ്ദേഹം സ്ഥാപകനുമപ്പുറമാണ്. വീണ്ടുമൊരു സ്ഥാപകദിനം വന്നണയുമ്പോൾ ആ മഹാരഥന്റെ സുഗന്ധസ്മൃതികൾക്ക് മുന്നിൽ ലിസി കുടുംബത്തിന്റെ ശതകോടി നമസ്ക്കാരം.




## Lisie Gastro Excellence



2nd ERCP in South India and 6th case in Asia using Worlds Single Use Duodenoscope - Exalt Model D was performed by Dr. Mathew Philip (HOD & Senior Consultant, Lisie Institute of Gastroenterology) and Dr. Prakash Zacharias (Sr Consultant & Chief of Endoscopy Services) at Lisie Hospital. Its an advancement in single-use technology to ensure infection prevention especially in immune-compromised and elderly patients.

It has a user-friendly design, light weight, and good image quality. Ours is one of the 6 centers in India approved for use of this duodenoscope.

## Practical aspects of spirituality in Nursing care



On 27 February 2021, Dr. (Sr.) Jijimol Mathews gave a talk on "Practical aspects of spirituality in Nursing care". This was the last session in the series of expert's classes on spirituality, a part of the newly added courses on "spirituality in Nursing" to BSc. Nursing students in Lisie college of nursing. Through a zoom meeting held in the hospital auditorium from 4-5pm, Dr. (sr.) Jijimol emphasized that spirituality in the practice of Nursing evolves from an individual's own self, through the values, beliefs, and attitudes, and can be manifested outwards as a 'tip of the submerged iceberg'. Spiritualistic individuals provide nursing care interventions to patients through 'doing' and 'being' despite challenging circumstances. Individuals should use self-reflection to improve their spirituality to offer holistic health care based on quality.





*വനിതാ ദിനത്തോടനുബന്ധിച്ച് ലിസി സ്റ്റാഫിനായി നടത്തിയ പോസ്റ്റർ മത്സരത്തിൽ വിജയിച്ചവർക്ക് അഭിനന്ദനങ്ങൾ*

## ലിസി ആശുപത്രിക്ക് അംഗീകാരം



രോഗീ ക്ഷേമത്തിനായി പ്രവർത്തിക്കുന്നവർക്കായി കിഡ്നി വാരിയേഴ്സ് ഫൗണ്ടേഷനും, കിഡ്നി ഫൗണ്ടേഷനും, Dr. B R Ambedkar ട്രസ്റ്റും, Global Kidney Foundation Europe -ഉം സംയുക്തമായി നൽകിയ അവാർഡുകൾക്ക് ലിസി ആശുപത്രി അർഹമായി. വൃക്ക രോഗികളുടെ ക്ഷേമത്തിനായി ലിസി ആശുപത്രിയിൽ ചെയ്ത് പോരുന്ന സേവനങ്ങൾക്കാണ് അവാർഡുകൾ നൽകിയത്. Centre for Excellence in Renal Care (Transplant Hospital) 2020 എന്ന വിഭാത്തിലാണ് ലിസി ആശുപത്രി വിവിധ അവാർഡുകൾ 11-03 -2021 ന് കരസ്ഥമാക്കിയത്.

Rev. Fr. Shanu Moonjely (Asst. Director, Lisie Hospital), Dr. Babu Francis (Medical Superintendent & Sr. Cons. Nephrologist, Lisie Hospital), Dr. Viju George (Senior Consultant, Urology), Rev. Sr. Alphonsa Koottala (Transplant Coordinator) എന്നിവർ ചടങ്ങിൽ പങ്കെടുത്ത് അവാർഡുകൾ ഏറ്റ് വാങ്ങി.





*Sr. Jancy (organ donor), Nursing Hero*

## Vidyarambham



Lisie Educational institutions started a New Batch of students this Academic year, on 4/2/2021 at 9.30am. The program started with a Holy Mass, followed by an informative educational session by Rev. Fr. Hormis Mynatty, Vicar general of Angamaly Ernakulam Archdiocese.



## Womens Day 2021




March 8 വനിതാ ദിനത്തിന്റെ ഭാഗമായി ലിസി ആശുപത്രിയിലെ വനിതാ ജീവനക്കാർക്കായി "കോവിഡ് പാൻഡെമിക്ക് - സ്ത്രീകളും മാനസികാരോഗ്യവും" എന്ന വിഷയത്തിൽ ഡോ. സഞ്ജു ജോർജ് ചക്കുങ്കലിന്റെ (Consultant Psychologist, Lisie Hospital) നേതൃത്വത്തിൽ പ്രത്യേക സെമിനാർ നടത്തുകയുണ്ടായി. രണ്ട് സെഷനുകളിലായി പങ്കെടുത്തവരിൽ നിന്ന് രണ്ട് പേർക്ക് പ്രത്യേക സമ്മാനങ്ങൾ നൽകി ആദരിച്ചു. ഫാ. ജോർജ് തേലക്കാട്ട് (Asst. Dir, Lisie Hospital), ഫാ. ജോസഫ് മാക്കോതക്കാട്ട് (Construction Coordinator, Lisie Hospital) എന്നിവരാണ് സമ്മാനങ്ങൾ നൽകിയത്.

## BIRTH ANNIVERSARY OF NETAJI SUBASH CHANDRA BOSE



The birth anniversary of Netaji Subash Chandra Bose was celebrated by Lisie College of Pharmacy on 23 January 2021. The day is observed to honour the valour and vigour shown by Netaji as one of the greatest freedom fighters of India. Netaji was a true warrior and revolutionary who had devoted his entire life fighting for the independence of our nation. In connection with the same, a poem recitation competition (English) was organized virtually and Afrin Ajmira was awarded the best performer.

## Welcome Freshers




Commencement of 19th batch of B.Sc Nursing took place on 4/1/21 at 9 am. Director, Dr. Fr Paul Karedan inaugurated the function, Rev Fr Jery Njaliath familiarize the Lisie Medical and educational institutions to the new students. Prof Dr. John Joseph Principal, Lisie College of Pharmacy felicitated the gathering. Prof Dr. Usha Marath gave course orientation to the students.

## INTERNATIONAL WOMEN'S DAY - DEFIA 2021




International women's day is celebrated around the globe to showcase commitment to gender equality and to celebrate women's achievements. Lisie College of Pharmacy witnessed the celebration of International Women's Day on 08/03/2021.The programme was organized in collaboration with IMA Woman Doctor's Wing, Kochi chapter. The event started with a prayer song by the 1st semester B.Pharm students and was followed by a welcome address by Mrs. Gayatri R Panicker, Assistant Professor, Lisie College of Pharmacy. Dr Jinu Issac, Professor, Lisie College of Pharmacy felicitated the gathering. Mrs Anitha Abraham, Senior Lecturer, Lisie College of Pharmacy introduced the speaker. A talk on "Gender equality in daily life" was delivered by Dr Sheeja Srinivas, Medical Officer, Kerala Govt. Health Services & Chairperson, WDW, IMA Kochi. Dr Sheeja Srinivas also emphasized the importance of women's hygiene and nutrition. Amina T E (1st semester B.Pharm) delivered the vote of thanks. The programme came to an end by 4:15pm.



## Health Awareness Days

**April**

2 World Autism Awareness Day
7 World Health Day
11 World Parkinson Day
13 International Functional Neurological Disorder Awareness Day
17 World Hemophilia Day
22 International Mother Earth Day
24 World Meningitis Day
25 World Malaria Day
28 World Day for Safety and Health at Work Place
24 -30 World Immunization Week

**May**

5 World Hand Hygiene Day
5 World Asthma Day
8 World Thalassemia Day
12 International Nurses Day
17 World Hypertension Day
19 World Hepatitis Day
20 World Autoimmune Arthritis Day
23 International Day to End Obstetric Fistula
30 World Multiple Sclerosis Day
31 World No Tobacco Day

**June**

5 World Environment Day
12 World Day Against Child Labor
13 International Albinism Awareness Day
14 World Blood Donor Day
15 World Elder Abuse Awareness Day
19 World Sickle Cell Day
21 International Day of Yoga
23-29 Helen Keller Deaf-Blind Awareness Week
26 International Day against Drug Abuse and Illegal Trafficking

# Welcome to Lisie Family



**Dr Annie Jojo**
**HOD - Consultant**
Histopathology



**Dr Prithvi Varghese**
**Senior Consultant**
Neurosurgery



**Dr Thomas Aliyattukudy**
**Senior Consultant in Reproductive Medicine & Laparoscopic Surgery**
Gynaecology



**Mr. Antony Puthusserry**
**Chief Financial Officer**

# Farewell greetings to our Beloved



**Dr. Simon Philipose**
**Consultant**
Cardithoracic Surgery



**Dr. Sr. Ranija**
**Senior Consultant**
Gynaecology



**Sr Rufina DML**
**Incharge**
**Nursing Admin**



**Sr Alicia MSJ**
**Staff Nurse**



**Sr Sonia MSJ**
**Religious Staff**

# LISIE HOSPITAL, ERNAKULAM

P.B. #3053, Kochi- 682018, Kerala, Web: www.lisiehospital.org, E-mail: contact@lisiehospital.org, Ph: 0484 - 2402044

## വിവിധ ചികിത്സാ വിഭാഗങ്ങളും ഒ. പി. ദിവസങ്ങളും

**ജനറൽ മെഡിസിൻ**

1. ഡോ. ടി.കെ. ജോസഫ് (തിങ്കൾ - ശനി)
2. ഡോ. അഗസ്റ്റിൻ എ.കെ (തിങ്കൾ - ശനി)
3. ഡോ. ജോർജ്ജ് സേവ്യർ (തിങ്കൾ - ശനി)
4. ഡോ. അഭിലാഷ് ചാക്കോ (തിങ്കൾ - ശനി)
5. ഡോ. ബിജു ജേക്കബ് (തിങ്കൾ - ശനി)

**ഡയബറ്റോളജി വിഭാഗം (പ്രമേഹ രോഗ ചികിത്സാ വിഭാഗം)**

1. ഡോ. ജോർജ്ജ് പൗലോസ് (തിങ്കൾ - ശനി)
2. ഡോ. ബെറ്റ്സി ആനി കോശി (തിങ്കൾ - ശനി)

**പൾമനോളജി (ശ്വാസകോശ രോഗ വിഭാഗം)**

1. ഡോ. പരമേശ് എ. ആർ. (തിങ്കൾ - ശനി)
2. ഡോ. തോമസ് കുര്യൻ (തിങ്കൾ - ശനി)

**ജനറൽ സർജറി വിഭാഗം (ശസ്ത്രക്രിയ വിഭാഗം)**

1. ഡോ. ജോയ് മാമ്പിള്ളി (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. പൗലോസ് ജേക്കബ് (ചൊവ്വ, വ്യാഴം, ശനി)
3. ഡോ. സന്ദീപ് ജെ തണ്ടേൽ (തിങ്കൾ, ബുധൻ, വെള്ളി)

**ഡെർമ്മറ്റോളജി (ത്വക്ക് രോഗ വിഭാഗം)**

1. ഡോ. സോമൻ പീറ്റർ (തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി, ശനി)

**ഓഫ്താൽമോളജി (നേത്ര രോഗ വിഭാഗം)**

1. ഡോ. ലതാ മാത്യു (തിങ്കൾ to വ്യാഴം & ശനി)
2. ഡോ. അനു ജോസഫ് (തിങ്കൾ - ശനി)

**ഇ.എൻ.ടി. (ചെവി, മൂക്ക്, തൊണ്ട വിഭാഗം)**

1. ഡോ. റീന വർഗ്ഗീസ് (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. ഫ്രാങ്കി ജോസ് (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ. ദിവ്യ മോഹൻ വി. (ചൊവ്വ, വ്യാഴം, ശനി)
4. ഡോ. ജോസഫ് മാത്യു (തിങ്കൾ, ബുധൻ, വെള്ളി)

**ഓർത്തോപീഡിക്സ് (അസ്ഥി രോഗ വിഭാഗം)**

1. ഡോ. കെ. രാജാറാം (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. സുരേഷ് പോൾ (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ എബി തോമസ് ബാബു (തിങ്കൾ, ബുധൻ, വെള്ളി)
4. ഡോ മോനിഷ് മോഹൻ (ചൊവ്വ, വ്യാഴം, ശനി)

**സൈക്യാട്രി (മാനസിക രോഗ വിഭാഗം)**

1. ഡോ. കുരുവിള തോമസ് (തിങ്കൾ - ശനി After 4 pm)
2. ഡോ. സഞ്ജു ജോർജ്ജ് ചക്കുങ്കൽ (തിങ്കൾ - വെള്ളി 8.30 am-12.30 pm)

**ഗ്യാസ്ട്രോ എന്ററോളജി (ഉദര രോഗ വിഭാഗം)**

1. ഡോ. മാത്യു ഫിലിപ്പ് (തിങ്കൾ - വെള്ളി)
2. ഡോ. പ്രകാശ് സക്കറിയാസ് (തിങ്കൾ - ശനി)
3. ഡോ. ഷിബി മാത്യു (തിങ്കൾ - ശനി)
4. ഡോ. ജോൺ മാത്യൂസ് (തിങ്കൾ - ശനി)
5. ഡോ. ജോണി സിറിയക് (തിങ്കൾ - ശനി)
6. ഡോ. തോമസ് ജെയിംസ് (തിങ്കൾ - ശനി)

**ഇന്റർവെൻഷണൽ റേഡിയോളജി**

1. ഡോ. ലിജേഷ് കുമാർ (ബുധൻ, ശനി)
2. ഡോ. ദിലീപ് കുമാർ എം. പി. (തിങ്കൾ - ശനി)

**ഗ്യാസ്ട്രോ ഇന്റസ്റ്റിനൽ സർജറി വിഭാഗം**

1. ഡോ. ഷാജി പൊന്നമ്പത്തയിൽ (തിങ്കൾ - ശനി)
2. ഡോ. ബൈജു കുണ്ടിൽ (തിങ്കൾ - ശനി)
3. ഡോ. പ്രമിൽ. കെ (തിങ്കൾ - ശനി)

**നെഫ്രോളജി (വൃക്ക രോഗ വിഭാഗം)**

1. ഡോ. ബാബു ഫ്രാൻസീസ് (തിങ്കൾ - വെള്ളി)
2. ഡോ. ജോസ് പി. പോൾ (തിങ്കൾ - വെള്ളി)

**ന്യൂറോളജി (മസ്തിഷ്ക രോഗ വിഭാഗം)**

1. ഡോ. അരുൺ കുമാർ എം. എൽ. (തിങ്കൾ - ശനി)
2. ഡോ. ബി. ബിന്ദു (തിങ്കൾ - ശനി)
3. ഡോ. ജോൺ ജെ. വൈദ്യ (തിങ്കൾ - ശനി)
4. ഡോ. അനു ഗംഗാധരൻ (തിങ്കൾ - ശനി)

**ന്യൂറോ സർജറി (മസ്തിഷ്ക രോഗ വിഭാഗം)**

1. ഡോ. കോശി ജോർജ്ജ് (തിങ്കൾ, വ്യാഴം)
2. ഡോ. ബിജി ബാഹുലേയൻ (തിങ്കൾ, ബുധൻ)
3. ഡോ. കൃഷ്ണദാസ് (ബുധൻ, ശനി)
4. ഡോ. പ്രഥി വർഗ്ഗീസ് (ചൊവ്വ, വെള്ളി)

**എന്റോക്രൈനോളജി**

1. ഡോ. അരുൺ എസ്. മേനോൻ (തിങ്കൾ - ശനി)

**ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ**

1. ഡോ. സി. ഷിജി ഫ്രാൻസീസ് (സി. ക്രിസ്റ്റീന) (തിങ്കൾ - ശനി)

**ഡെന്റൽ വിഭാഗം (ദന്ത രോഗ വിഭാഗം)**

1. ഡോ. ബിജി രാജ് (തിങ്കൾ - ശനി)
2. ഡോ. രാജീവ് എസ് (തിങ്കൾ to വ്യാഴം, ശനി)
3. ഡോ. ടെറി തോമസ് (വെള്ളി)
4. ഡോ. റോസ് കുര്യൻ (തിങ്കൾ - ശനി)
5. ഡോ. ഹേമ ഗിൽബർട്ട് (തിങ്കൾ - ശനി)

**ഓങ്കോളജി വിഭാഗം**

1. ഡോ. ജയശങ്കർ പി. (തിങ്കൾ - ശനി)

**ഹെഡ് & നെക്ക് സർജിക്കൽ ഓങ്കോളജി**

1. ഡോ. സന്ദീപ് സുരേഷ് (തിങ്കൾ, ബുധൻ, വെള്ളി)

**പീഡിയാട്രിക്സ് & നീയോനെറ്റോളജി വിഭാഗം (ശിശുരോഗ വിഭാഗം)**

1. ഡോ. ടോണി പോൾ മാമ്പിള്ളി (തിങ്കൾ - ശനി)
2. ഡോ. മാർഗരറ്റ് ജോസഫ് (തിങ്കൾ to ശനി am only)
3. ഡോ. ജെസി തോമസ് (തിങ്കൾ - ശനി)
4. ഡോ. ശശിധരൻ പി. യു. (തിങ്കൾ - ശനി)
5. ഡോ. ഹിമ മാത്യൂസ് പി. (തിങ്കൾ - ശനി)
6. ഡോ. വിവിൻ എബ്രഹാം (തിങ്കൾ - ശനി)

**ജീറിയാട്രിക് വിഭാഗം**

1. ഡോ. റോസക്കുട്ടി മാത്യു (തിങ്കൾ am - ശനി am)
2. ഡോ. സാറാമ്മ ഈശോ (തിങ്കൾ am - ശനി am)

**ഗൈനക്കോളജി വിഭാഗം**

1. ഡോ. എയ്മി ഡിസൂസ (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. രമാദേവി (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ. തോമസ് ആലിയാട്ടുക്കുടി (തിങ്കൾ, ബുധൻ, വെള്ളി)
4. ഡോ. സിമി രാജ് ടി. ജെ. (ചൊവ്വ, വ്യാഴം, ശനി)
5. ഡോ. സുമി പി. തമ്പി (ചൊവ്വ, വ്യാഴം, ശനി)
6. ഡോ. വി. അനു തോമസ് (തിങ്കൾ, ബുധൻ, വെള്ളി)

**യൂറോളജി വിഭാഗം**

1. ഡോ. ദാമോദരൻ നമ്പ്യാർ (തിങ്കൾ pm, ബുധൻ, വെള്ളി)
2. ഡോ. വിജു ജോർജ്ജ് (ചൊവ്വ pm, വ്യാഴം, ശനി)
3. ഡോ. തോമസ് പുതുക്കാടൻ (ചൊവ്വ, വെള്ളി)
4. ഡോ. സനിൽ കുമാർ എൻ. കെ. (ബുധൻ, വ്യാഴം)

**കാർഡിയോളജി (ഹൃദ്രോഗ വിഭാഗം)** Booking No. 0484 2401821

1. ഡോ. റോണി മാത്യു കടവിൽ (തിങ്കൾ - വെള്ളി)
2. ഡോ. ജേക്കബ് ജോസഫ് (തിങ്കൾ - വെള്ളി)
3. ഡോ. ജാബിർ അബ്ദുള്ളക്കുട്ടി (തിങ്കൾ - വെള്ളി)
4. ഡോ. ജോ ജോസഫ് (തിങ്കൾ - വെള്ളി)
5. ഡോ. ജിമ്മി ജോർജ് (തിങ്കൾ - ശനി )
6. ഡോ. അജിത്ത് കുമാർ കെ. ആർ (തിങ്കൾ am, വ്യാഴം am)

**ഇലക്ട്രോ ഫിസിയോളജി**

1. ഡോ. അജിത് തച്ചിൽ (തിങ്കൾ - ശനി )

**കാർഡിയാക് സർജറി**

1. ഡോ. ജോസ് ചാക്കോ പെരിയപ്പുറം (ചൊവ്വ & വെള്ളി)
2. ഡോ. ഭാസ്കർ രംഗനാഥൻ (തിങ്കൾ - വെള്ളി)
3. ഡോ. ജീവേഷ് ജോൺ തോമസ് (തിങ്കൾ - വെള്ളി)
4. ഡോ. മുരുകൻ പി. (തിങ്കൾ - വെള്ളി)
5. ഡോ. അജ്മൽ എൻ കെ (തിങ്കൾ - വെള്ളി)

**പീഡിയാട്രിക് കാർഡിയോളജി**

1. ഡോ. എഡ്വിൻ ഫ്രാൻസിസ് (തിങ്കൾ - ശനി)
2. ഡോ. അന്നു ജോസ് (തിങ്കൾ - ശനി)
3. ഡോ. ബിജേഷ് വി.വി. (ചൊവ്വ, വ്യാഴം)

**പീഡിയാട്രിക് കാർഡിയാക് സർജറി**

1. ഡോ. ജി. എസ്. സുനിൽ (തിങ്കൾ - ശനി)
2. ഡോ. ഫിലിപ്. കെ. മാത്യു (തിങ്കൾ - ശനി)

---

**Advance Booking Numbers**

**For Doctors' Appointment: 0484 2402044 (24X7)**
**0484 2401141 (7.00 am to 6.30 pm)**
**For Cardiology / Cardiothoracic doctors: 0484 2401821, 0484 2755305 (8.00 am to 4.00 pm)**
**Health Checkup: 0484 2755099 (7.00 am to 4.30 pm), 94977713386 (24X7)**
**Radiology: 0484 2400811, 0484 2755395 (8.00 am to 6.00 pm)**

**For Information**

**Cardiology: 0484 2401821, 0484 2755305 (8.00 am to 4.00 pm)**
**Cardiothoracic: 9446037302**
**General Information: 0484 2402044 (24X7)**
**Emergency Dept & Ambulance: 0484 2755301, 9895756164 (24X7)**
**Cashless Insurance: 0484 2755386, 0484 2755306 (8.30 am to 5.30 pm)**
**Gynaecology Emergency: 0484 2755151 (24X7)**